TSR/4925/2023-A6 I/49993..

# ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം), തൃശ്ശൂർ


പിൻ കോഡ് : 680001, ഫോൺ: 0487 2333242

ഇ-മെയിൽ: dmohtsr@gmail.com


**ഫയൽ നം.എ 6-4925/2023/DMOH/TSR** **തിയതി: 05-05-2025**

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം : ആരോഗ്യവകുപ്പ് - ജി.മെ.ഓ.(ആ.)തൃശൂർ - അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ശ്രീ. ശ്രീജേഷ് വി ഡി - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II - സാമൂഹികാരോഗ്യ കേന്ദ്രം മറ്റത്തൂർ - കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് - സംബന്ധിച്ച്.

സൂചന : എ 6-4925/2023/DMOH/TSR/കുറ്റാരോപണ മെമ്മോ/തിയതി/03/10/2023.

ശ്രീ. ശ്രീജേഷ് വി ഡി, മറ്റത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയി ജോലി നോക്കി വരവേ, 30-04-2023 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതായി സ്ഥാപനമേധാവി നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. സ്ഥാപനമേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന താങ്കൾക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുകയും മേൽസൂചന പ്രകാരം രജിസ്ട്രേഡ് വിത്ത് എ/ഡി ആയി കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി നൽകുന്നതിന് മെമ്മോ കൈപ്പറ്റിയ ദിവസം മുതൽ 15 ദിവസം അനുവദിച്ചിരുന്നു. ആയത് കൈപ്പറ്റാതെ തപാൽ വകുപ്പ് തിരികെ ലഭ്യമാക്കിയിട്ടുണ്ട്.

ആയതിനാൽ ശ്രീ. ശ്രീജേഷ്.വി.ഡി അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 30-04-2023 മുതൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുവാൻ താത്ക്കാലികമായി എടുത്തിരിക്കുന്ന തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുവാൻ താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. മേൽതാത്ക്കാലിക തീരുമാനത്തിനെതിരെ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ടി. നോട്ടീസ് കൈപ്പറ്റി 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ താത്ക്കാലിക തീരുമാനം സ്ഥിതീകരിച്ചുകൊണ്ട് ഉത്തരവാകുന്നതാണ്.

ഡോഃ ശ്രീദേവി.ടി .പി,

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

തൃശൂർ.

Signed by
Sreedevi T P
Date: 08-05-2025 20:01:41

സ്വീകർത്താവ് :-

ശ്രീ.ശ്രീജേഷ് വി ഡി, (സ്ഥാപന മേധാവി മുഖേന)
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II

(മറുപുറം)